മെഡിക്കൽ കോളേജ് ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ

110 (3039) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ മെഡിക്കൽ കോളേജ് ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഇവിടേയ്ക്ക് അത്യാസന്ന നിലയിലുള്ള രോഗികളുമായി വരുന്ന വാഹനങ്ങൾ ഏറെനേരം സിഗ്നൽ കാത്ത് കിടക്കേണ്ടി വരുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ട്രാഫിക് സിഗ്നൽ സിസ്റ്റം ഏർപ്പെടുത്തുമ്പോൾ രോഗികളുമായി വരുന്ന വാഹനങ്ങൾ കടത്തിവിടാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) പ്രത്യേക സംവിധാനം ഏർപ്പെടുത്തിയില്ലെങ്കിൽ ട്രാഫിക് സിഗ്നൽ സംവിധാനം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ട്രാഫിക് സിഗ്നൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ഇല്ല.

(സി)&(ഡി) ട്രാഫിക് സിഗ്നൽ ഏർപ്പെടുത്തിയതിനുശേഷം അനുഭവങ്ങൾ പരിശോധിച്ചുകൊണ്ടുമാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയൂ.

മോഹൻ സമർപ്പിച്ച ദുരിതാശ്വാസത്തിനുള്ള അപേക്ഷ

111 (3040) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ൽ ഡിസംബർ മാസം 11-ാം തീയതി ആലപ്പുഴ ജില്ലയിലെ ആലിത്തോടുവ-മുതിരപ്പറമ്പ് ബോട്ടുജെട്ടിയിൽ കടത്തുവള്ളം മറിഞ്ഞ് മരണമടഞ്ഞ ഭാസുരയുടെ ഭർത്താവ് മാവേലിക്കര കൊയ്പുള്ളി കാരാഴ്മ ആനടിത്തറയിൽ വീട്ടിൽ കെ. മോഹനൻ അടിയന്തിര ദുരിതാശ്വാസ സഹായത്തിനു വേണ്ടി മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷയിന്മേലുള്ള അനന്തര നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കാമോ;

(ബി) റവന്യൂ സെക്രട്ടറിയുടെ റിപ്പോർട്ടിൽ കാലവിളംബം വന്നതിനാലാണ് സഹായം ലഭിക്കുന്നതിന് താമസം നേരിടുന്നതെന്ന് അറിവുണ്ടോ;

(സി) ഈ കുടുംബത്തിന് അടിയന്തിര ദുരിതാശ്വാസ സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1998 ഡിസംബർ 11-ാം തീയതി ആലപ്പുഴ ജില്ലയിലെ ആലിത്തോടുവ മുതിരപ്പറമ്പ് ബോട്ടുജെട്ടിയിൽ കടത്തുവള്ളം മറിഞ്ഞ് മരണമടഞ്ഞ ഭാസുരയുടെ ഭർത്താവ് മാവേലിക്കര കൊയ്പ്പുള്ളി കാരാഴ്മ ആനടിത്തറയിൽ വീട്ടിൽ കെ. മോഹനൻ അടിയന്തിര ദുരാതാശ്വാസ സഹായത്തിന്

LIBRARY ARCHIVES Kerala Legislative Assembly